## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 599** **03/03/2020-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് ജീവനക്കാർ

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരെ കേരള ബാങ്കിലെ ജീവനക്കാരായി പരിഗണിക്കുമെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും (സി) യും | സംസ്ഥാന സഹകരണ ബാങ്കിലേയും, ജില്ലാ സഹകരണ ബാങ്കുകളിലേയും KCS ACT-ലെ അനുബന്ധം III-ൽ ഉൾപ്പെട്ട എല്ലാ സ്ഥിര ജീവനക്കാരേയും കേരള ബാങ്കിലെ ജീവനക്കാരായി പരിഗണിക്കുന്നതാണ്. |
| (ബി) | ജില്ലാ സഹകരണ ബാങ്കുകളിലെ കളക്ഷൻ ജീവനക്കാരെ കേരള ബാങ്കിലെ ജീവനക്കാരാക്കുവാൻ പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത ജീവനക്കാരെയും കേരളാ ബാങ്കിലെ ജീവനക്കാരായി പരിഗണിച്ച് സ്ഥിരനിയമനം നൽകുമോ; വിശദമാക്കാമോ; | | |
| (ഡി) | കേരള ബാങ്ക് രൂപീകരിച്ചതിലൂടെ പ്രാഥമിക സഹകരണ സംഘങ്ങൾക്കുണ്ടാകുന്ന ഗുണങ്ങൾ വ്യക്തമാക്കാമോ? | (ഡി) | കേരള ബാങ്ക് രൂപീകരിക്കുമ്പോൾ ഏറ്റവും വലിയ ഗുണഭോക്താക്കളാകുന്നത് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും അവരുടെ അംഗങ്ങളുമായിരിക്കും. കേരള ബാങ്ക് രൂപീകരണത്തിലൂടെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ചുവടെ പരാമർശിക്കുന്ന ഗുണങ്ങൾ ലഭിക്കും.<br>1. എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും കരഗതമാകുന്നു.<br>2. അംഗങ്ങൾക്ക്/ഇടപാടുകാർക്ക് കേരള ബാങ്ക് നൽകുന്ന എല്ലാവിധ ബാങ്കിംഗ് സേവനങ്ങളും ഘട്ടംഘട്ടമായി നൽകാൻ കഴിയും. |

| | | | |
|---|---|---|---|
| | | | 3. കുറഞ്ഞ പലിശനിരക്കിൽ കൂടുതൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാകും. അംഗങ്ങൾക്ക് കൂടുതൽ വായ്പനൽകുന്നതിനും അതിലൂടെ ലാഭക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നു.<br>4. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ DBT/EBT ആനുകൂല്യങ്ങൾ ഗ്രാമീണ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് കൈമാറുന്നതിന് സാധിക്കുന്നു.<br>5. കേരള ബാങ്കിന്റെ സാമ്പത്തികസ്ഥിതി ശക്തമാകയാൽ നബാർഡിൽനിന്നും പുനർവായ്പാ തുക വർദ്ധിപ്പിക്കാൻ കഴിയും. അതുവഴി കാർഷിക വായ്പാ തോത് വർദ്ധിപ്പിക്കാനാകും.<br>6. അധികഫണ്ട് കൂടുതൽ ആദായകരമായ രീതിയിൽ പുനർനിക്ഷേപിക്കുന്നതിനുള്ള സാധ്യതകളുണ്ടാകും.<br>7. കേരള ബാങ്കിന്റെ പ്രവർത്തനമൂല്യം ഉയരുന്നതിനനുസരിച്ച് ലാഭവിഹിതം ഉയർന്ന തോതിൽ ലഭിക്കുന്നു.<br>8. മൈക്രോഫിനാൻസ് രംഗത്ത് ഫലപ്രദമായ ഇടപെടൽ സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ